പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2218 18.12.2012 -ലെ മറുപടി

കെ.എസ്.ആർ.ടി.സി. ബോഡി നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാത്യു. റ്റി. തോമസ്<br>" ജോസ് തെറ്റയിൽ<br>" ശ്രീമതി ജമീലാ പ്രകാശം<br>" സി. കെ. നാണു | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ബോഡിനിർമ്മാണം കഴിഞ്ഞ് പുറത്തിറങ്ങുന്ന കെ.എസ്.ആർ. ടി.സി. ബസ്സുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവു വന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ഗണ്യമായ കുറവ് വന്നിട്ടില്ല. 625 ഷാസികൾ വാങ്ങിയത് പ്രതിമാസം ശരാശരി 51 ബസ്സുകൾ വീതം നിരത്തിലിറക്കിയിട്ടുണ്ട്. ബോഡി ബിൽഡിംഗിൽ പ്രാഗൽഭ്യമുള്ള ജീവനക്കാർ പിരിഞ്ഞ് പോയതിനെ തുടർന്ന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ച പുതിയ ജീവനക്കാരുടെ പ്രാഗൽഭ്യ കുറവ് ഇതിനൊരു കാരണമായിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ഷാസികൾ വാങ്ങിയിട്ടുണ്ട്; | (ബി) | 625 ഷാസികൾ. |
| (സി) | എത്ര നാളുകൾ കൊണ്ട് അവ ബോഡി നിർമ്മിച്ച് പുറത്തിറക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ; | (സി) | വാങ്ങിയ ഷാസികൾ എല്ലാം തന്നെ ബോഡി നിർമ്മാണം കഴിഞ്ഞ് നിരത്തിലിറക്കി കഴിഞ്ഞു. |
| (ഡി) | ബോഡി നിർമ്മാണ യൂണിറ്റുകളിൽ തൊഴിൽ ഇല്ലാതായ ജീവനക്കാരെ സംരക്ഷിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (ഡി) | തൊഴിൽ ഇല്ലാതായിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | എങ്കിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ? | (ഇ) | ബോഡി നിർമ്മാണ വർക്ക് ഷോപ്പുകളിൽ നിലവിൽ ജോലി ചെയ്തിരുന്ന തൊഴിലാളികളെ കൊണ്ട് പഴയ ബസ്സുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ജോലികളും നടത്തി വരുന്നു. കൂടാതെ, പുതിയ ബസ് ബോഡി നിർമ്മിക്കുന്നതിനാവശ്യമായ structure മുൻക്കൂട്ടി തയ്യാറാക്കി വെയ്ക്കുന്ന ജോലികളും നടന്നു വരുന്നു. ഇതിനാവശ്യമായ ജീവനക്കാരെ വർക്ക് ഷോപ്പുകളിൽ തന്നെ നിലനിർത്തുകയും ബാക്കിയുള്ളവരെ ജീവനക്കാർ കുറവുള്ള ഡിപ്പോകളിലേയ്ക്ക് പുനർവിന്യസിച്ച് ആ ഡിപ്പോകളിലെ ജോലികൾ ചെയ്യിച്ചു വരുന്നു. |

Geethakumari.
സെക്ഷൻ ഓഫീസർ